താലൂക്ക് പഞ്ചായത്താഫീസുകൾ

*392 [412] ശ്രീ. സേവ്യർ അറയ്ക്കൽ:

ശ്രീ. പി. ബാലൻ:

ശ്രീ. ഇ. നാരായണൻ നായർ:

ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ താലൂക്കുതോറും താലൂക്കു പഞ്ചായത്താഫീസുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽക്കാണ് ഇതു പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്;

(സി) ഈ താലൂക്കു പഞ്ചായത്താഫീസുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) തീരുമാനിക്കുകയുണ്ടായി.

(ബി) 22.12.1978 മുതൽ.

(സി) സ്പെഷ്യൽ ഗ്രേഡ് ഉൾപ്പെടെയുള്ള എല്ലാ പഞ്ചായത്തുകളുടേയും മേൽനോട്ടം വഹിക്കുക, അവയുടെ വികസന പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടപ്പിലാക്കുക, ഓഡിറ്റ് തടസ്സങ്ങൾ പരിശോധിക്കുക എന്നീ ചുമതലകളാണ് ഇപ്പോൾ ഏൽപ്പിച്ചിട്ടുള്ളത്. മുമ്പ് അസെസ്മെന്റ് ആഫീസർമാർ ചെയ്തിരുന്ന ലാൻഡ് സെസ് അസെസ്മെന്റു താലൂക്കു പഞ്ചായത്ത് ആഫീസർമാരായിരിക്കും ചെയ്യുക.

പഞ്ചായത്തുകളിൽ പി. എച്ച്. ഇ. ഡി. യുടെ സഹായത്തോടെ ശുദ്ധജല വിതരണം

*393 [414] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പി. എച്ച്. ഇ. ഡി.യുടെ സഹായത്തോടെ എത്ര പഞ്ചായത്തുകളിൽ 1979-ൽ ശുദ്ധജല വിതരണം നടത്തുന്നതിനു ഉദ്ദേശിക്കുന്നുണ്ട്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

200 പഞ്ചായത്തുകൾക്കായി 174 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പണി 1979-ൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly